പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1527 05.12.2014-ലെ മറുപടിക്ക്

പാൽ ഉല്പാദനവും ഉപഭോഗവും വില വർദ്ധനയും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മിൽമ പാലിന് എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചെന്ന് വെളിപ്പെടുത്താമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മിൽമ പാലിന്റെ വില താഴെപ്പറയും പ്രകാരം മൂന്ന് തവണ വർദ്ധിപ്പിക്കുകയുണ്ടായി.<br>15.09.2011 മുതൽ ലിറ്ററിന് 5 രൂപ<br>14.10.2012 മുതൽ ലിറ്ററിന് 5 രൂപ<br>21.07.2014 മുതൽ ലിറ്ററിന് 3 രൂപ |
| (ബി) സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് എത്ര പാൽ പ്രതിവർഷം ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ ; | (ബി) | സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് 2012-2013 ൽ 30.498 ലക്ഷം ടൺ പാലും 2013-2014 വർഷം 31.78 ലക്ഷം ടൺ പാലും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് പ്രതിവർഷം എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (സി) | സംസ്ഥാനത്ത് 2012-2013 വർഷം 27.91 (28) ലക്ഷം ടൺ പാലും 2013-2014 വർഷം 29.03 ലക്ഷം ടൺ പാലും ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു. |
| (ഡി) സംസ്ഥാനത്തിന് വെളിയിൽ നിന്ന് പ്രതിവർഷം എത്ര അളവിൽ പാൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?. | (ഡി) | സംസ്ഥാനത്തിന് വെളിയിൽ നിന്നും പ്രതിവർഷം 2.75 ലക്ഷം ടൺ പാൽ കേരളത്തിലേയ്ക്ക് വരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2013-2014 വർഷം മിൽമ അയൽസംസ്ഥാനങ്ങളിൽ നിന്നും 1225 ലക്ഷം ലിറ്റർ പാൽ കൊണ്ടു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ